# Ephphatha in ‘Judgement’

## (ന്യായവിധിയോട് - എഫഥാ- ആവ :32:36)




ഒരിക്കൽ ഒരു യുവതി രോഗബാധയാൽ ബോധരഹിതയായി. അബോധാവസ്ഥയിൽ അവൾ ഒരു സ്വപ്നം കണ്ടു. മരണം സംഭവിച്ച് അവൾ സ്വർഗ്ഗകവാടത്തിൽ എത്തി. ഗബ്രീയേൽ ദൂതൻ ജീവപുസ്തകത്തിലെ  പേരുകൾ പരിശോധന നടത്തുകയായിരുന്നു. തന്റെ പേർ അതിലില്ല എന്ന വാർത്ത കേട്ട പെൺകുട്ടി ഉച്ചത്തിൽ കരയുകയും താൻ ചെയ്ത നല്ല കാര്യങ്ങൾ  ഒന്നൊന്നായി പറയുകയും ചെയ്തു. “മകളേ ! ഈ പറഞ്ഞതൊക്കെയും ശരിതന്നെ പക്ഷേ ചെയ്യേണ്ടത് ചെയ്തില്ല എന്നതാണ് നിന്റെ  പേർ ഈ പുസ്തകത്തിൽ ഇല്ലാതാകുവാൻ കാരണമായത്. ദൈവം നിനക്കുവേണ്ടി ഒരുക്കിയ മഹാരക്ഷയെ നീ അവഗണിച്ചു കളഞ്ഞു എന്നതാണ് നിന്റെ പേരിലുള്ള കുറ്റം.” പ്രീയ കുഞ്ഞുങ്ങളേ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കാതെ അവൻ പറഞ്ഞ നിർദ്ദേശങ്ങൾ, കൽപനകൾ അനുസരിക്കാതെ മുൻപോട്ട്  പോയാൽ ന്യായവിധി നിശ്ചയമാണ്.

ന്യായവിധിയുടെ ദുരന്തങ്ങൾക്കു മുൻപ് ദൈവം മുന്നറിയിപ്പുകൾ നൽകാറുണ്ട്. ജലപ്രളയത്തിന് മുൻപ് നീതി പ്രസംഗിയായ  നോഹയും, ,സോദോം നാശത്തിനു മുൻപ് ദൂതന്മാരും മുന്നറി

യിപ്പുകൾ നൽകിയതാണ്. ന്യായവിധിയുടെ ആദ്യവെള്ളതുള്ളി വീഴുംവരെ പെട്ടകത്തിന്റെ വാതിൽ തുറന്നിരുന്നു. സമയം കഴിഞ്ഞപ്പോൾ യഹോവതന്നെ വാതിലടച്ചു. തീയും ഗന്ധകവും ആകാശത്തു നിന്ന് പെയ്തിറങ്ങും വരെ ദൂതന്മാർ സമയം നൽക്കുകയും, പല ഉപാധികൾ ലോത്തിന്റെ മുൻപിൽ വയ്ക്കുകയും ചെയ്തിട്ടും ഫലമില്ലായ്കയാൽ പിടിച്ചിറക്കി ഓടുവാൻ ആവശ്യപ്പെടുകയായിരുന്നു. കാരണം രക്ഷ സോദോമിനു പുറത്താണ്. അതായത് ലോകത്തിന്റെ മതിലിനുള്ളിൽ രക്ഷയെ അവഗണിച്ച് ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നവന് ന്യായവിധിയുണ്ട്. ഒരിക്കൽ ലോകത്തെ പുറത്തെറിഞ്ഞെങ്കിലും ലോകം മനസ്സിൽ കൊണ്ടുനടന്നാൽ ന്യായവിധിയിൽ ശിക്ഷിക്കപ്പെടും എന്ന് മറക്കരുത് ലോത്തിന്റെ ഭാര്യയുടെ ജീവിതം നമ്മെ പഠിപ്പിച്ച പാഠമാണിത്. യഹോവതന്നെയാണ് നമ്മുടെ ന്യായാധിപൻ. നാം എല്ലാവരും ന്യായസനത്തിൻ മുൻപാകെ നില്ക്കേണ്ടവരാണ്. മുഖപക്ഷവും, ധനരാഷ്ട്രീയ സ്വാധീനവുമുള്ള ന്യായാധിപന്മാരെപ്പറ്റികേട്ട നമുക്ക് ഒരു സമാധാനമുണ്ട് നമ്മുടെ ന്യായാധിപൻ സത്യം മാത്രമേ പറയുകയും പ്രവർത്തിക്കുകയും ചെയ്യുകയുള്ളു.

## ന്യായവിധിയുടെ അടിസ്ഥാന ഘടകങ്ങൾ

(1) **അദ്ധ്വാനത്തിന്റെ കൂലി** - ലൂക്കോ 19:20-22 ഓരോരുത്തരുടേയും അദ്ധ്വാനത്തിനനുസരിച്ചാണ് യഹോവ കൂലി നൽകുന്നത്. പ്രവർത്തികൾക്കനുസരിച്ചുള്ള കൂലി ന്യായവിധിയിങ്കൽ നൽകുവാൻ യഹോവയുടെ പക്കലുണ്ട് . നന്മ ചെയ്തവൻ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴികവരുന്നു എന്ന് യോഹ : 5:29 ൽ കാണുന്നു. നന്മ മാത്രം മറ്റുള്ളവർക്ക് ചെയ്യണമെന്നാഗ്രഹിച്ച് പ്രവർത്തിച്ചാലും ചിലപ്പോൾ തിന്മ ലഭിച്ചെന്ന് വരാം. ഭയപ്പെടരുത്. നന്മയുടെ വഴിയോട് എഫഥാ പറഞ്ഞ കർത്താവ് നന്മയുടെ കൂലി നിശ്ചയമായും ലഭ്യമാക്കുകയും തിന്മയെ നമ്മുടെ മുൻപിൽ നിന്ന് നീക്കുകയും ചെയ്യുന്നു.

**(2) തിന്മയുടെ ന്യായവിധി**

എന്താണ് തിന്മ ? ചെയ്യാത്ത നന്മയാണ് തിന്മ. തിരുവചനം നന്മ ചെയ്യുവാനുള്ള മുന്നറിയിപ്പ് നൽകിയിട്ടും ചെയ്യാതെ മാറിപ്പോകുന്നവർ ന്യായവിധിയ്ക്ക് ഇരയാകുമെന്ന് മറക്കരുത്. ഇന്ന് ഈ വിധത്തിലുള്ള പാപമാണ് മിക്കയിടത്തും കാണുന്നത്. Sep 22 ലെ ദിനപത്രത്തിൽ കണ്ട ഒരു വാർത്ത 81 വയസ്സുള്ള അപ്പനെ സംരക്ഷിക്കേണ്ട മക്കൾ അടിച്ച് അവശനാക്കി റോഡിലുപേക്ഷിച്ചു എന്നാണ്. ലൂക്കോ : 10 : 30 -35

പുരോഹിതനും ലേവ്യനും നന്മ ചെയ്യുവാനുള്ള അവസരം ഉപേക്ഷിച്ചു എന്നാൽ ശമര്യ്യൻ വേണ്ടതു വേണ്ടപോലെ ചെയ്തു. നന്മയുടെ കണ്ണ് കുരുടായിപ്പോയ ഇവർക്ക് ന്യായവിധി തുറന്നവരുകയും ചെയ്യും.

**(3) ഏത് നിസ്സാരവാക്കിനും ന്യായവിധി (മത്താ 12 : 36)**

മനുഷ്യർ പറയുന്ന ഏത് നിസ്സാരവാക്കിനും ന്യായവിധിയുണ്ട്. ലോകത്തെ തന്റെ ചിന്തയിൽ നിന്ന് എടുത്തു കളയാത്ത പ്രവാചകനായ ബിലെയാം പ്രശ്ന ദക്ഷിണ മോഹിച്ച് ഇറങ്ങിപ്പുറപ്പെട്ടു എങ്കിലും യഹോവയോട് ആലോചന ചോദിച്ചതായി വരുത്തി. ഇവൻ പറയുന്ന വാക്കിന് ന്യായവിധി യുണ്ടെന്ന് കാട്ടിക്കൊടുപ്പാനാണ് കഴുതയുടെ സംസാരം കൊണ്ട് വാളുമായി നിൽക്കുന്ന ദൂതനെ കാട്ടിക്കൊടുത്തത്. ദൈവം എഫഥാ പറഞ്ഞപ്പോഴാണ് കണ്ണു തുറന്ന് അവന് ദൂതനെ കാണുവാൻ കഴിഞ്ഞത്. എന്നാൽ പിന്നീടവൻ കണ്ണടച്ചവന്റെ പ്രവർത്തി ചെയ്തപ്പോൾ അവന്റെ വാക്കിന് ദൈവം അവനെ ന്യായം വിധിച്ചു.

read സംഖ്യ : 22:21 - 32, സംഖ്യ 31 :8.

**(4) അന്യായം ചെയ്യുന്നവന് ന്യായവിധി**

ഒരു കച്ചവടക്കാരൻ തന്റെ സങ്കടത്തിൽ പറയുന്നതു കേട്ടതാണ്. ഈ സംഭവം എന്റെ ഗ്രാമ ത്തിൽ നടന്നതുമാണ്. പാക്ക് പൊളിച്ച് ചാക്കിലാക്കി വിൽക്കുവാൻ കൊണ്ടുവന്നവന് ചാക്കുൾപ്പെടെ തൂക്കി വില കൊടുത്തു. അയാൾ തുക വാങ്ങിപോയിക്കഴിഞ്ഞാണ് കച്ചവടക്കാരൻ ചാക്ക്കുടഞ്ഞി ട്ടത്. അയ്യോ...... എന്ന നിലവിളികേട്ട് ചെന്നവർ അന്താളിച്ചുപോയി ചാക്കിന്റെ പകുതിഭാഗം പൊളിച്ച തോടിട്ടിട്ടാണ് തൂക്കിയതും പണം വാങ്ങിയതും. കച്ചവടക്കാരൻ കരയാതെ എന്തു ചെയ്യും. എന്നാൽ അന്യായം ചെയ്യുന്നവർ ഓർക്കുക നമ്മുടെ ന്യായാധിപന്റെ കണ്ണ് സകലവും കാക്കുന്ന താണ്. ഇന്ന് ആഹാരസാധനങ്ങൾ മുഴുവനും മായമാണ് അന്യായം ചെയ്യുന്നവരേ ഓർക്കുക നീ ഇപ്രകാരം എന്തു സമ്പാദിച്ചാലും അത് നിലനില്ക്കുകയില്ല തലമുറയും അനുഭവിക്കുക
യില്ല. യഹോവ കീറിക്കളയും വിടുവിപ്പാൻ ആരും ഉണ്ടാക്കുകയില്ല. ആത്മീയ ഭൗമിക മേഖലയിൽ പ്രവ ത്തിക്കുന്നവരേ സത്യം നീതി ഇവചെയ്ത് ന്യായവിധിയിൽ നിന്ന് ഒഴിയുക. സത്യത്തോടും ന്യായ ത്തോടും നന്മയോടും എഫഥാ പറഞ്ഞ് രക്ഷപെടുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. ദൈവം ഏൽപിച്ച താലന്തുകൾ വർദ്ധിപ്പിക്കുക. വിധിക്കുന്നവന്റെ കയ്യിൽ വീഴാതെ സൂക്ഷിപ്പാൻ ദൈവം കൃപ ചെയ്യട്ടെ .

*ശാന്തമ്മ വർഗ്ഗീസ്*


**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind

instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg